5864

**അടിയന്തിരം**

നം. സി.എ./1484/2018/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, തിരുവനന്തപുരം-23.
തീയതി : 20/08/2019
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വില സൊസൈറ്റികൾ ട്രഷറിയിൽ ഒടുക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ ആഫീസിലെ 16.07.2018, 17..1.2019, 12.2.2019, 28.6.2019 തീയതികളിലെ അർദ്ധ ഔദ്യോഗിക കത്ത്.

മേൽ സൂചന കത്തുകളിലേയ്ക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഈ ആഫീസിൽ നിന്നും സംസ്ഥാനത്തെ മിക്ക ജില്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂൾ സൊസൈറ്റികൾ 2010-11 മുതൽ 2017-18 വരെ പാഠപുസ്തകങ്ങളുടെ വില ട്രഷറിയിൽ അടച്ചതിന്റെ റെക്കൺസിലിയേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുക അടയ്ക്കുവാനുള്ള സൊസൈറ്റികൾക്ക് പ്രത്യേകം കത്തുകൾ അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം നൽകിക്കഴിഞ്ഞു. സൂചന പ്രകാരം 28.6.2019 ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം കുടിശ്ശിക വരുത്തിയ സൊസൈറ്റികളുടെ പട്ടിക സഹിതം അയച്ചു നൽകിയിരുന്നു.

ടി സാഹചര്യത്തിൽ കുടിശ്ശിക വരുത്തിയ സൊസൈറ്റികൾക്ക് നോട്ടീസ് നൽകി 18% പലിശ സഹിതം ആഗസ്റ്റ് 31 നകം തുക ഒടുക്കി ചെല്ലാന്റെ പകർപ്പ് ഹാജരാക്കാനുള്ള നിർദ്ദേശം നൽകുന്നതിനോടൊപ്പം 2018-19 ലെ തുക പൂർണ്ണമായും സൊസൈറ്റികൾ അടച്ച് തീർത്തുവെന്നുള്ളത് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

പാഠപുസ്തക ആഫീസർ

പകർപ്പ് :- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എ1-5864/19 താ.തി 26/9/19 ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സ്വീകർത്താവ്

എല്ലാ പ്രധാനാദ്ധ്യാപകർക്കും.

ജി.വി.ഒ
ഒപ്പ്